# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 4180 26.06.2013-ൽ മറുപടിയ്ക്ക്

## പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ ഇ-ലാബ് പദ്ധതി

ചോദ്യം

ശ്രീ. വി. ശശി

ഉത്തരം

ശ്രീ. എ.പി. അനിൽകുമാർ

(പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | പട്ടികജാതി വികസന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ ഇ-ലാബ് പദ്ധതിക്കായു ള്ള നോഡൽ ഏജൻസിയായി എൻ. ഐ.ഐ. ടി ബാംഗ്ലൂരിനെ തെരഞ്ഞെടുക്കുന്നതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ; | (എ) | പട്ടികജാതി വികസന വകുപ്പു ഡയറക്ടർ സമർപ്പിച്ച എൻ.ഐ. ഐ.ടി. ബാംഗ്ലൂർ-ന്റെ ഇ-ലാബ് പദ്ധതി സംബന്ധിച്ച പ്രൊപ്പോസൽ വർക്കിംഗ് ഗ്രൂപ്പ് അംഗീകരിക്കുകയും അതനുസരിച്ച് ഇ-ലാബ് പദ്ധതി നടപ്പിലാക്കുന്നതിന് പ്രസ്തുത സ്ഥാപനത്തെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. |
| (ബി) | ഈ സർക്കാർ അധികാരമേറ്റ ശേഷം വകുപ്പ് വഴി നടപ്പാക്കിയിട്ടുള്ള ഏതെല്ലാം പദ്ധതികൾ പ്രസ്തുത സ്ഥാപനം വഴി നടപ്പാക്കിയിട്ടുണ്ടെന്നും ഓരോ പദ്ധതിക്കും നോഡൽ ഏജൻസിയെ നിശ്ചയിച്ചതിനുള്ള മാനദണ്ഡവും വ്യക്തമാക്കാമോ ; | (ബി) | Post Graduate Diploma in Banking operation, Employability training, e-Lab പദ്ധതി എന്നിവയാണ് പ്രസ്തുത സ്ഥാപനം വഴി നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ.<br><br>പട്ടികജാതി വികസന വകുപ്പു ഡയറക്ടർ സമർപ്പിച്ച എൻ.ഐ. ഐ.ടി. ബാംഗ്ലൂർ-ന്റെ പ്രൊപ്പോസലുകൾ വർക്കിംഗ് ഗ്രൂപ്പ് അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച ഉത്തരവ് അനുസരിച്ചാണ് പ്രസ്തുത സ്ഥാപനത്തെ ടി കോഴ്സുകൾ നടത്തുന്നതിന് ചുമതലപ്പെടുത്തിയത്. |
| (സി) | ഇ-ലാബ് പദ്ധതിക്കായി ലക്ഷക്കണക്കിന് രൂപയുടെ ഉപകരണങ്ങൾ സർക്കാർ പണം ഉപയോഗിച്ച് എൻ. ഐ.ഐ.ടി വാങ്ങിയിട്ടുള്ളത് പർച്ചേസ് റൂൾ പ്രകാരമാണോ; അല്ലെങ്കിൽ ഇതിനുള്ള അനുവാദം എങ്ങനെ ലഭിച്ചുവെന്ന് വ്യക്തമാക്കാമോ ? | (സി) | വർക്കിംഗ് ഗ്രൂപ്പ് അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് പ്രകാരമാണ് ഇ-ലാബ് പദ്ധതിയ്ക്കായി ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള തുക എൻ.ഐ. ഐ.ടി. ബാംഗ്ലൂർ എന്ന സ്ഥാപനത്തിന് അനുവദിച്ചത്. ഉപകരണങ്ങൾ വകുപ്പുതലത്തിൽ വാങ്ങിയിട്ടില്ല. |

Sali K.J

സെക്ഷൻ ആഫീസർ